"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 22.10.2025 തീയതിയിൽ കൂടിയ യോഗത്തിന്റെ 4.46 നമ്പർ തീരുമാനം - പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന വടകര ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം സൂപ്പർവൈസ് ചെയ്യുന്നതിന് എഞ്ചിനീയർ, ഓവർസീയർ എന്നിവരെ നിയമിക്കുവാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2626/2025/LSGD തീയതി,തിരുവനന്തപുരം, 01-11-2025

---

പരാമർശം:- 22.10.2025 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ 4.46 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

വടകര ജില്ലാ ആശുപത്രിയുടെ ഫേസ് II നിർമ്മാണത്തിന് പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പദ്ധതിയിലുൾപ്പെടുത്തി 83.18 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വലിയ പ്രവൃത്തി ആയതിനാൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രയാസം നേരിടുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ ക്രോഡീകരിക്കുന്നതിനും സൈറ്റ് സൂപ്പർവിഷനും പരിചയ സമ്പന്നനായ ഒരു എഞ്ചിനീയറെയും (B-Tech Civil) ഒരു സൂപ്പർവൈസറെയും (Diploma in Civil Engineer) നിർമ്മാണം പൂർത്തിയാകുംവരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രൊപ്പോസൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിയ്ക്കുകയും ചീഫ് എഞ്ചിനീയറുടെ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഈ പ്രവൃത്തി പൂർത്തിയാകുംവരെ മാത്രം അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പദവിയിൽ റിട്ടയർ ചെയ്ത ഒരാളെ എഞ്ചിനീയറായും ചെറുപ്പക്കാരായ ഒരു പുതിയ ഡിപ്ലോമ ബിരുദധാരിയെ ഓവർസീയറായും നിയമിക്കാൻ പരാമർശം പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2)മേൽ വിവരിച്ച സാഹചര്യത്തിൽ, പ്രസ്തുത പ്രവൃത്തി പൂർത്തിയാകും വരെ മാത്രം അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പദവിയിൽ റിട്ടയർ ചെയ്ത ഒരാളെ എഞ്ചിനീയറായും ചെറുപ്പക്കാരായ ഒരു പുതിയ ഡിപ്ലോമ ബിരുദധാരിയെ ഓവർസീയറായും നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനായി തനത് ഫണ്ട് ഉപയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്: പ്രിൻസിപ്പൽ ഡയറക്ടർ, **LSGD**, തിരുവനന്തപുരം
ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസ്, കോഴിക്കോട്
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോഴിക്കോട്
സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വടകര
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
**SRG**, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പിആർഡി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 01-11-2025 14:57:21
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്